പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1748 07.03.2018-ൽ മറുപടിക്ക്

## ട്രോമകെയർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ദേശീയപാത കടന്നുപോകുന്നതും ഒട്ടേറെ തിരക്കേറിയ ഗതാഗതം നടക്കുന്നതുമായ തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി, തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രികളിൽ ട്രോമകെയർ സംവിധാനം നിലവിലുണ്ടോ; | എ) & ബി) | ദേശീയപാത കടന്നുപോകുന്നതും ഒട്ടേറെ തിരക്കേറിയ ഗതാഗതം നടക്കുന്നതുമായ തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി, തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രികളിലെ കാഷ്വാലിറ്റി വിഭാഗം ഡോക്ടർമാർക്ക് എമർജൻസി മെഡിക്കൽ കെയർ, ട്രോമാകെയർ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ വരുന്നവർക്ക് പ്രാഥമിക ചികിൽസ ഈ സ്ഥാപനങ്ങളിൽ നൽകി വരുന്നുണ്ട്. താലൂക്കാശുപത്രിക്കനുയോജ്യമായ അത്യാഹിത വിഭാഗം ഈ ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ഇല്ലെങ്കിൽ ഇവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| സി) | ഈ ആശുപത്രികളിൽ ആധുനിക വൈദ്യശാസ്ത്ര സംവിധാനങ്ങളോടുകൂടിയ ആംബുലൻസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | ഏതെങ്കിലും ഒരു ആശുപത്രിക്കായി ആംബുലൻസ് വാങ്ങി നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് മതിയായ ചികിൽസ ലഭ്യമാക്കുന്നതിന് ഗുണനിലവാരമുള്ള ആംബുലൻസുകളും കേന്ദ്രീകൃത സ്വഭാവത്തോടെ സംസ്ഥാനത്താകെ ഒരു ജി.പി.എസ് നിയന്ത്രിത ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി തുടർ നടപടി സ്വീകരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ തൃപ്പൂണിത്തുറ മണ്ഡലത്തിൽ പ്രസ്തുത വാഹനങ്ങളുടെ സേവനം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ